## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2508

11.10..2011 ൽ മറുപടിയ്ക്ക്

### ആതിരപ്പിള്ളി പഞ്ചായത്തിലെ പട്ടയവിതരണം

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യു വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ നിവാസികളായ നൂറോളം കുടുംബങ്ങളുടെ (സംയുക്ത പരിശോധന പൂർത്തിയാക്കിയ) പട്ടയം വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ പരിഹരിച്ച് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ; | എ) | ചാലക്കുടി നിയോജക മണ്ഡലത്തിലെ ആതിരപ്പിള്ളി പഞ്ചായത്തിലെ പരിയാരം വില്ലേജ് പുളിയിലപ്പാറ നിവാസികളായ ഏകദേശം 116 കുടുംബങ്ങൾക്ക് വനഭൂമി പട്ടയം നല്കുന്നതിന്റെ ഭാഗമായി സംയുക്ത പരിശോധന പൂർത്തീകരിച്ചിരുന്നുവെങ്കിലും പരിശോധന പ്രഫോർമ റിപ്പോർട്ടിൽ ഒപ്പു വെക്കുന്നത് സംബന്ധിച്ച് ഫോറസ്റ്റ് അധികൃതരും വൈദ്യുതി ബോർഡ് അധികൃതരും തമ്മിൽ വ്യവസ്ഥകൾ സംബന്ധിച്ച് തർക്കം നിലവിൽ വരുകയും, ആയത് പരിഹരിക്കുന്നതിന് 17.10.11 ന് തൃശൂർ കളക്ടറേറ്റിൽ വെച്ച് ഉദ്യോഗസ്ഥരുടെ ഒരു യോഗം നിശ്ചയിച്ചിട്ടുള്ളതുമാണ്. ആയത് പ്രകാരം പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | കോടശ്ശേരി പഞ്ചായത്തിലെ ട്രാംവേ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം ഇനിയും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ബി) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കോടശ്ശേരി, എലിഞ്ഞിപ്ര എന്നീ വില്ലേജുകളിലായി മൊത്തം 26 (യഥാക്രമം 25+1) അപേക്ഷകളിൽ ട്രാംവേ പുറമ്പോക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 19 അപേക്ഷകൾ ബെനിഫിഷ്യൽ എൻജോയ്മെന്റ് പരിധിയിൽ വരുന്നതും ബാക്കി 7 (ഏഴ്) അപേക്ഷകളിൽ ഇറിഗേഷൻ വകുപ്പിന്റെയും പൊതുമരാമത്ത് (റോഡ്സ്) വകുപ്പിന്റെയും അനുമതി ആവശ്യമായതിനാൽ ആയത് അടിയന്തിരമായി ലഭ്യമാക്കി പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ